റീ-സർവ്വേ പൂർത്തിയാക്കിയ റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടില്ലാത്ത വില്ലേജുകളിൽ പഴയ സർവ്വേ നമ്പരിൽ കരം അടയ്ക്കുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും തന്നെയില്ല. റീ-സർവ്വേ റെക്കോർഡ് റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് അഡീഷണൽ തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു പുതിയ സംവിധാനം 1-7-2010 മുതൽ നിലവിലുണ്ട്. ശ്രീ. കെ. കെ. ജയചന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ച പന്തീരായിരത്തിലേറെ വരുന്ന കൃഷിക്കാരുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ വിഷമതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി റോഡ് ടാറിംഗ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി റോഡ് ടാറിംഗിന് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. നമ്മുടെ നാട്ടിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂമ്പാരമാകുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ കണ്ണൂരിലുള്ള കെ. സി. ബാബു എന്നയാൾ ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിച്ച് റീസൈക്കിൾ ചെയ്ത് നിരവധി ഉൽപ്പന്നങ്ങൾ ഉണ്ടാക്കാമെന്നും അതിന്റെ സിംഹഭാഗവും റോഡ് ടാറിംഗിന് വേണ്ടി അസംസ്കൃത വസ്തുവായി ഉപയോഗിക്കാമെന്നുമാണ് അദ്ദേഹം പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ആ സ്ഥാപനം സന്ദർശിച്ചിരുന്നു. അതിനുശേഷം അദ്ദേഹം പത്രസമ്മേളനം നടത്തി. ശ്രീ. ആർ. വി. ജി. മേനോൻ ചെയർമാനായിക്കൊണ്ട് ഒരു സമിതിയെ നിശ്ചയിച്ചു. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളുടേയും ബ്ലോക്കുകളുടേയുമൊക്കെ സഹായത്തോടുകൂടി വ്യാപകമായി അത്തരം സ്ഥാപനങ്ങളുണ്ടാക്കിയാൽ പ്ലാസ്റ്റിക് മാലിന്യപ്രശ്നം കുറെ പരിഹരിക്കാൻ സാധിക്കും. അതുപോലെ കുറച്ച് സ്ട്രോങ്ങായിട്ടുള്ള റോഡ് ഉണ്ടാക്കാൻ പറ്റും. അതുസംബന്ധിച്ച് ഗൗരവത്തിൽ പരിശോധിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി. എന്നാൽ ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഇത്തരം യൂണിറ്റുകൾ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ആരംഭിക്കണം. പഞ്ചായത്തുകൾക്കെല്ലാം വലിയ താല്പര്യമുണ്ട്. മാലിന്യം വലിയ തലവേദനയാണ്. മാധ്യമങ്ങളെല്ലാം മുഴപ്പിലങ്ങാടുള്ള ശ്രീ. ബാബുവിന്റെ 'സൂര്യ' എന്ന് പറയുന്ന യൂണിറ്റിനെ സംബന്ധിച്ച് ഒരുപാട് വാർത്തകൾ കൊടുത്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ സംരംഭത്തെ അഭിനന്ദിച്ചിരുന്നു. ഇത് സംബന്ധിച്ച് വളരെ ഗൗരവത്തിൽ ഗവൺമെന്റ് ഇടപെടണം. പഞ്ചായത്തുകളൊക്കെ ഈ സംരംഭത്തിന് സന്നദ്ധമാണ്. ഒരു യൂണിറ്റുണ്ടാക്കുന്നതിന് പത്തിരുപത് ലക്ഷം രൂപയേ ചെലവാകുകയുള്ളു. അതുസംബന്ധിച്ച് ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പഞ്ചായത്തുകളെക്കൊണ്ട് ഇത്തരം യൂണിറ്റുകളുണ്ടാക്കാൻ പ്രേരിപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം എ. പി. അബ്ദുള്ളക്കുട്ടി പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി മാറ്റി റോഡ് ടാറിംഗിന് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ടാറിനോടൊപ്പം ചേർത്ത് റോഡ് നിർമ്മാണം നടത്തുന്നതിന്റെ പ്രായോഗികത സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കാനായി ഡോ. ആർ. വി. ജി. മേനോന്റെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, നാറ്റ്പാക്കിലെ ശ്രീ. ടി. ഇളങ്കോവൻ, മധുര ത്യാഗരാജർ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസർ വാസുദേവൻ എന്നിവരാണ് ഈ സമിതിയിലെ മറ്റ് അംഗങ്ങൾ. ഈ സമിതിയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് നിരത്തുകളുടെ ഉപരിതലം മിനുസപ്പെടുത്തുന്ന പ്രവൃത്തി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യത്തെ നരിക്കൽ-പുല്ലാനിവിള-ചാവടിമുക്ക് റോഡിൽ 500 മീറ്റർ നീളത്തിൽ നടത്തിയിട്ടുണ്ട്. അതിന്റെ ഗുണമേന്മയും നിലനിൽപ്പും സംബന്ധിച്ച നിരീക്ഷണങ്ങൾ നടന്നുവരുന്നതേയുള്ളു. സമിതിയുടെ റിപ്പോർട്ട് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ സാങ്കേതിക വിദ്യയ്ക്ക് ഇന്ത്യൻ റോഡ് കോൺഗ്രസ്, കേന്ദ്ര ഉപരിതല റോഡ് മന്ത്രാലയം (സെൻട്രൽ സർഫസ് ട്രാൻസ്പോർട്ട് മിനിസ്ട്രി) എന്നിവയുടെ അംഗീകാരം നേടിയെടുക്കേണ്ടതുണ്ട്. അത് ലഭിച്ചതിനുശേഷം തീർച്ചയായിട്ടും ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(9) ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, കണ്ണൂർ ജില്ലയിലെ എന്റെ മണ്ഡലത്തിൽപ്പെട്ട വളപട്ടണം പുഴയുടെ തീരദേശ പഞ്ചായത്തുകളിൽ ഡിസംബർ മാസം 24 മുതൽ എല്ലാ ദിവസവും ഉപ്പുവെള്ളം കയറിക്കൊണ്ടിരിക്കുകയാണ്. കണ്ണവരം, കല്ല്യാശ്ശേരി, അഴീക്കോട്, ചെറുകുന്ന്, പാപ്പിനിശ്ശേരി പഞ്ചായത്തുകളിൽ ഈ രീതിയിൽ ഏതാണ്ട് രണ്ട് മീറ്ററോളം ഉയരത്തിലാണ് ഉപ്പുവെള്ളം കയറിയിട്ടുള്ളത്. നിരവധി വീടുകളിൽ ഉൾപ്പെടെ ഉപ്പുവെള്ളം കയറുന്ന അവസ്ഥയാണുള്ളത്. ഏതാണ്ട് 200 ഏക്കറോളം കൃഷിസ്ഥലത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയാണ്. വ്യാപകമായി ഈ പ്രദേശത്ത് നെല്ല് കൃഷി ചെയ്യുന്നുണ്ട്. അതെല്ലാം പൂർണ്ണമായി നശിച്ചുകഴിഞ്ഞിരിക്കുന്നു. മാത്രമല്ല ഉപ്പുവെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് തെങ്ങ് കൃഷി ദീർഘകാലാടിസ്ഥാനത്തിൽ നാശത്തെ നേരിടുകയാണ്. ഈ പ്രദേശത്തെ കിണറുകളിലാകെ ഉപ്പുവെള്ളം കയറിയതുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുന്നില്ല. പുഴയോരങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുകയാണ് ഇത് പരിഹരിക്കുവാൻ ശാശ്വതമായി ചെയ്യേണ്ടത്. പക്ഷേ അതിന് വലിയ സംഖ്യ ആവശ്യമാണ്. അടിയന്തര പരിഹാരമെന്നുള്ള നിലയിൽ അവിടെ ഈ

LIBRARY ARCHIVES Kerala Legislative Assembly